**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3270** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി ജോയിന്റ് ഡയറക്ടർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർ സെക്കണ്ടറി വിഭാഗത്തിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിയമനം എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ; ഇതിനായി എന്തെങ്കിലും യോഗ്യത നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ; | (എ) | **പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കന്ററി വിഭാഗത്തിലെ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് നിയമനരീതിയും യോഗ്യതയും നിശ്ചയിച്ച് സ്പെഷ്യൽ റൂൾ നിലവിൽ ഇല്ല, കോളേജ് അധ്യാപകരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്ന രീതിയാണ് പിന്തുടരുന്നത്.** |
| (ബി) | നിലവിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലി ചെയ്തു വരുന്നവരുടെ പേരും അവരുടെ അക്കാദമിക്/ വിദ്യാഭ്യാസ യോഗ്യതയും അവർ എന്നു മുതൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്നുവെന്നും അറിയിക്കാമോ; | (ബി) | **ഡോ.ഷാജിത എസ് ജോയിന്റ് ഡയറക്ടർ അക്കാദമിക്ക്, (അസിസ്റ്റന്റ് പ്രൊഫസർ, ഇസ്ലാമിക് ഹിസ്റ്ററി, ടി കെ എം ആർട്സ് ആൻഡ് സയൻസ് കോളേജ് കൊല്ലം),യോഗ്യത:M.A,B.ed,M.Phil,PhD, 10.10.2024 മുതൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്നു**<br><br>**ഡോ കെ മാണിക്ക് രാജ് , ജോയിന്റ് ഡയറക്ടർ പരീക്ഷ,( അസോസിയേറ്റ് പ്രൊഫസർ തമിഴ് ഗവൺമെന്റ് കോളേജ് മൂന്നാർ.),യോഗ്യത: M.A,PhD,B.Ed,BLISc, 17.10.2024 മുതൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്തുവരുന്നു** |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ളവരുടെ പേര് വിവരവും യോഗ്യതയും ലഭ്യമാക്കാമോ? | (സി) | ഡോ.ഷാജിത എസ്, ഡോ.കെ.മാണിക്ക് രാജ് എന്നിവരാണ് അപേക്ഷ സമർപ്പിച്ചത് |

സെക്ഷൻ ഓഫീസർ